**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

20.03.2012 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.1032

## കോഴിക്കോട് നഗരത്തിൽ 'സിവിൽ സർവ്വീസ് അക്കാദമി'

**ചോദ്യം**

ശ്രീ. എ. പ്രദീപ് കുമാർ

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പമന്ത്രി)

എ) കോഴിക്കോട് നഗരത്തിൽ 'സിവിൽ സർവ്വീസ് അക്കാദമി' ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദമാക്കുമോ;

ബി) ഇവിടെ എന്നുമുതൽ ക്ലാസ്സുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(എ) യും (ബി) യും

കോഴിക്കോട് ജില്ലയിൽ സിവിൽ സർവ്വീസ് അക്കാദമി സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി യുടെ സ്ഥലകൈമാറ്റം അനുവദിച്ച് ഉത്തരവായിരുന്നുവെങ്കിലും ഉത്തരവിലെ സർവേ നമ്പർ, അളവ് എന്നിവ വ്യത്യസ്തമായതിനാൽ കൈമാറ്റം നടന്നില്ല. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള സ്ഥലകൈമാറ്റം സംബന്ധിച്ചുള്ള പ്രൊപ്പോസലും സർക്കാർ പരിഗണനയിലാണ്. ആയതിനാൽ സ്ഥലകൈമാറ്റം ഉത്തരവാകുന്ന മുറയ്ക്ക് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന പ്രതീക്ഷിക്കുന്നു.

സി) ഈ സ്ഥാപനത്തിനായി ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിരുന്നുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

സി) 31 ലക്ഷം രൂപ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് വകയിരുത്തി വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷത്തെ റീഅപ്രോപ്രിയേഷൻ മുഖാന്തിരം ലഭിച്ച തുകയിൽ 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച്, നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ